പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 5114

23.03.2018 -ലെ മറുപടിയ്ക്ക്

# ഐ.റ്റി. മേഖലയിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി.എം.ജോൺ<br>ശ്രീ.കെ.എസ്. ശബരിനാഥൻ<br>ശ്രീ. പി.ടി. തോമസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ.റ്റി മേഖലയിൽ പല കമ്പനികളും ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; | (എ) ഐ.ടി മേഖലയിലെ കമ്പനികളിൽ ജീവനക്കാരെ നിർബന്ധപൂർവ്വം ഒഴിവാക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) സംസ്ഥാനത്ത് നിലവിൽ ഐ.റ്റി മേഖലയിൽ എത്ര ജീവനക്കാരാണ് പ്രവർത്തിക്കുന്നത്; അവർക്കെല്ലാം ഇ.പി.എഫിൽ അംഗത്വമുണ്ടോ; | (ബി) തൊഴിൽ വകുപ്പിലെ രേഖകൾ പ്രകാരം ഐ.ടി മേഖലയിൽ 77843 ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. ഇ.പി.എഫ് അംഗത്വമുള്ള ജീവനക്കാരുടെ വിവരം ലഭ്യമല്ല. |
| (സി) ഐ.റ്റി. മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലാണോ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്; | സി) ഐ.ടി മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) ഐ.റ്റി മേഖലയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ സംസ്ഥാനത്തെ എല്ലാ മേഖലകളെയും ബാധിക്കുമെന്നതിനാൽ പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ സേവനവേതന സംരക്ഷണത്തിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ശക്തമായ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | ഡി) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധനകൾ നടത്തി തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങളെല്ലാം ജീവനക്കാർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതനസുരക്ഷാ പദ്ധതിയിലൂടെ നിശ്ചയിച്ചിട്ടുള്ള വേതനം ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനാകും. ജീവനക്കാർക്ക് അവരുടെ വേജ് സ്ലിപ്പ് ഓൺലൈനായി ലഭ്യമാകുകയും ചെയ്യുന്നു. സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കാത്ത |

പക്ഷം ടി സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 2018-ൽ നാളിതുവരെ ഐ.ടി മേഖലയിൽ 19 സ്ഥാപന പരിശോധനകൾ നടത്തുകയും 10 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

Sreeda

സെക്ഷൻ ഓഫീസർ